# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3862 — 20-07-2015 -ൽ മറുപടിക്ക്

## സമഗ്ര ദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. എം.പി.വിൻസെന്റ്** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | എ) & ബി) | വിവിധ ദുരന്തങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുന്നതിനു പകരം ഒരൊറ്റ പ്രീമിയത്തിലൂടെ എല്ലാ ദുരന്തങ്ങൾക്കും സമഗ്രമായ ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. തീരദേശ മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ ഐ.എൽ.ഡി.എം-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ തലവനെ സർക്കാർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരട് രൂപരേഖ ലഭ്യമാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തത്തിനും അതു പോലെ തന്നെ മനുഷ്യ പ്രേരിത ദുരന്തത്തിനും ഇരയാക്കുന്നവർക്കും കുടുംബങ്ങൾക്കും കൂടുതൽ പരിരക്ഷ ലഭിക്കുന്ന തിനുളള നിർദ്ദേശങ്ങൾ കരട് പദ്ധതി രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ചും സാമ്പത്തിക ഉറവിടത്തെക്കുറിച്ചും വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിക്കുളള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ